# പ്രസിദ്ധീകരണാർത്ഥം

ഇരവികുളം ദേശീയോദ്യാനം വരയാടുകളുടെ പ്രജനനവുമായി ബന്ധപ്പെട്ട് 2018 ഏപ്രിൽ 15 വരെ അടച്ചിടുന്നതിന് ഉത്തരവ് നമ്പർ WL4 4878/2016 തീയതി 31.03.2018 പ്രകാരം ബഹു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ്ലൈഫ് വാർഡൻ, കേരള ഉത്തരവായിരുന്നു. എന്നാൽ ഇപ്പോഴും ഗർഭിണികളായ വരയാടുകളെയും ദിവസങ്ങൾ മാത്രം പ്രായമുള്ള കുഞ്ഞുങ്ങളെയും കാണുന്നുണ്ടെന്നും പാർക്ക് തുറന്നാൽ സന്ദർശക സാന്നിദ്ധ്യം നിമിത്തം ആടുകൾ തനത് ആവാസവ്യവസ്ഥയിൽ നിന്നും അകന്ന് പാർക്കിന് പുറത്ത് അഭയം തേടുന്നത് മൂലം കാട്ടുനായ്ക്കളുടെയും നാട്ടുനായ്ക്കളുടെയും ആക്രമണത്തിന് ഇടയാക്കുമെന്നും ഫീൽഡ് സ്റ്റാഫ് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ വരയാടുകൾക്ക് സുരക്ഷിതമായ പ്രജനനകാലം ഉറപ്പുവരുത്തുകയും വരയാടിൻ കുഞ്ഞുങ്ങൾക്ക് സന്ദർശക സാന്നിദ്ധ്യം കൊണ്ട് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുകയും ചെയ്യുന്നതിനായി ദേശീയോദ്യാനം അടച്ചിടുന്ന കാലയളവ് 2018 ഏപ്രിൽ 15 വരെയെന്നത് 2018 ഏപ്രിൽ 24 വരെ ദീർഘിപ്പിച്ചുകൊണ്ട് ബഹു. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ്ലൈഫ് വാർഡൻ, കേരള ഉത്തരവായിട്ടുണ്ട്. ദേശീയോദ്യാനം അടച്ചിടുന്ന കാലയളവിൽ ടൂറിസ്റ്റുകൾക്ക് സന്ദർശനം അനുവദിക്കുന്നതല്ല.

വൈൽഡ്ലൈഫ് വാർഡൻ
മൂന്നാർ